(23) പഞ്ചായത്ത് പ്രദേശം ഹിൽ ട്രാക് ഏരിയായിൽ ഉൾപ്പെടുത്താൻ നടപടി

ശ്രീ. ടി. യു. കുരുവിള : സർ, മുമ്പ് ദേവികുളം താലൂക്കിന്റെ കീഴിൽ ആയിരുന്ന കോതമംഗലം നിയോജക മണ്ഡലത്തിൽപ്പെട്ട കുട്ടമ്പുഴ പഞ്ചായത്ത് 1997-ൽ എറണാകുളം ജില്ലയിലേക്ക് മാറ്റപ്പെട്ടു. ദേവികുളം താലൂക്കിലെ ഹിൽ ട്രാക് ഏരിയായിൽ ജോലി ചെയ്യുന്ന മുഴുവൻ ഉദ്യോഗസ്ഥർക്കും ഹിൽ ട്രാക്ക് അലവൻസ് അനുവദിക്കുന്നുമുണ്ട്. എന്നാൽ ഇപ്പോൾ കുട്ടമ്പുഴ പഞ്ചായത്ത് എറണാകുളം ജില്ലയുടെ ഭാഗമായതുകൊണ്ട് അത് അനുവദിക്കുന്നില്ല എന്നുപറഞ്ഞിരിക്കുകയാണ്. കുട്ടമ്പുഴയിലുള്ള മുന്നൂറോളം ആളുകൾ താമസിക്കുന്ന നൂറ് ഏക്കറിലെ പട്ടയ വിതരണത്തിന് ഇറക്കിയ ഉത്തരവിലാണ് ഇത് സൂചിപ്പിച്ചിട്ടുള്ളത്. ആ ഉത്തരവ് പിൻവലിക്കണം. അതുപോലെ തന്നെ ഒരു വീടിന് പതിനഞ്ച് സെന്റ് സ്ഥലം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് പറഞ്ഞ് വീട് കൈവശമുള്ളവർക്കും 15 സെന്റായി നിജപ്പെടുത്തിയിരിക്കുന്നു. അങ്ങനെ പതിനഞ്ച് സെന്റാക്കിയാൽ ബാക്കിയുള്ള സ്ഥലത്തിന് പിന്നീട് പട്ടയം കൊടുക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് പട്ടയം കൊടുക്കുമ്പോൾ തന്നെ കൈവശമുള്ള ഒരേക്കർ സ്ഥലത്തിനുകൂടി പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ മന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, കോതമംഗലം താലൂക്കിൽപ്പെട്ട കുട്ടമ്പുഴ വില്ലേജ് റീസർവ്വേ 237-ൽ പെട്ട 78 ഏക്കർ വിസ്തീർണ്ണം വരുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയാണ് നൂറ് ഏക്കർ കോളനി. ഇതിൽ 70 ഏക്കറോളം ഭൂമി ഏകദേശം മൂന്നൂറോളം പേർ വർഷങ്ങളായി കൈവശം വയ്ക്കുകയും അവിടെ വീട് വച്ച് താമസിച്ചു വരുകയുമാണ്. കൈവശാവകാശക്കാരുടെ ദീർഘകാലത്തെ ആവശ്യം പരിഗണിച്ച് 16 -2010-ലെ G.O.(Ms) 207-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ ഭൂമി കൈവശക്കാർക്ക് പതിച്ചുനൽകി പട്ടയം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ ഇവർക്ക് പട്ടയം നൽകാനുള്ള നടപടി ഇതിനകം സ്വീകരിച്ചുകഴിഞ്ഞു. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട റ്റി. യു. കുരുവിള ഇവിടെ ചൂണ്ടിക്കാണിച്ചത്. കുട്ടമ്പുഴ വില്ലേജ് ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ഉൾപ്പെട്ടിരുന്നതും 1-11 997-ൽ എറണാകുളം ജില്ലയിലേയ്ക്ക് കൂട്ടിചേർത്തിട്ടുള്ളതുമാണ്. കേരള ഭൂമി പതിവ് ചട്ടം 1964 റൂൾ 5(2) പ്രകാരം ദേവികുളം താലൂക്ക് ഹിൽ ട്രാക് ഏരിയയിൽ ഉൾപ്പെട്ടുവരില്ലായെന്ന് പരാമർശിച്ചിരിക്കുന്നു. കുട്ടമ്പുഴ പഞ്ചായത്തിലെ നൂറ് ഏക്കർ പ്രദേശത്തെ ഹിൽ ട്രാക് ഏരിയയായി പ്രഖ്യാപിക്കുവാനുള്ള നിർദ്ദേശം ഇപ്പോൾ വകുപ്പിൽ കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട കുരുവിള ഇവിടെ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കാം. ഇപ്പോൾ 300 കുടുംബങ്ങൾക്കുള്ള ഭൂമിയുടെ പട്ടയം എത്രയും വേഗം കൊടുക്കുകയും അതോടൊപ്പം തന്നെ എങ്ങനെയാണ് സഹായകരമായ ഒരു തീരുമാനമെടുക്കാൻ കഴിയുക എന്ന് പരിശോധിക്കുകയും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly